മറത്തിപ്പാറയിൽ വൈദ്യുതീകരണം നടത്തണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനം

967 [1556] ശ്രീ. വി.ജെ. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മീനച്ചിൽ താലൂക്കിലുള്ള മറത്തിപ്പാറ നിവാസികളിൽ നിന്നും റൂറൽ ഇലക്ട്രിഫിക്കേഷൻ സ്കീമിൽപ്പെടുത്തി വൈദ്യുതീകരണം നടത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് നിവേദനം ഗവൺമെൻറിന് ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിൻമേൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) വിദ്യുച്ഛക്തി ബോർഡിന് ലഭിച്ചിട്ടുണ്ട്.

(ബി) മേപ്പടി നിവേദനത്തെപ്പറ്റി വിശദമായ ഇൻവെസ്റ്റിഗേഷൻ നടത്തിവരുന്നു.

ഭരണിക്കാവിൽ 66 കെ.വി. ലൈൻ മാറ്റി സ്ഥാപിക്കാൻ നടപടി

968 [1557] ശ്രീ. കല്ലട നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തൂർ താലൂക്കിൽ ഭരണിക്കാവിൽനിന്നുള്ള 66 കെ.വി. ലൈൻ പൈപ്പ് റോഡ് വഴി മാറ്റി സ്ഥാപിക്കണമെന്ന ഭൂർത്ഥിച്ചുകൊണ്ട് 20-3-1978 ൽ നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിൻമേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രീ. ഉമ്മൻ വൈദ്യനും മറ്റ് 89 പേരും ചേർന്ന് സമർപ്പിച്ച ഒരു നിവേദനം വിദ്യുച്ഛക്തി ബോർഡിന് ലഭിച്ചിട്ടുണ്ട്.

(ബി) ആ നിവേദനത്തെപ്പറ്റി വിശദമായ അന്വേഷണം നടത്തിയപ്പോൾ പരാതിക്കാർ ആവശ്യപ്പെട്ടിരിക്കുന്ന രീതിയിൽ ലൈൻ മാറ്റുന്നത് പ്രായോഗികമായി സാദ്ധ്യമല്ലെന്ന് കണ്ടതിനാൽ ആ വിവരം പരാതിക്കാരെ അറിയിച്ചു കഴിഞ്ഞിട്ടുണ്ട്.

ഡ്യൂപ്ലിക്കേറ്റിംഗ് ഓപ്പറേറ്റർമാർ

969 [1558] ശ്രീ. കല്ലട നാരായണൻ:

" എൻ. ഭാസ്കരൻനായർ:

ശ്രീമതി ഭാർഗവി തങ്കപ്പൻ:

ശ്രീ. എസ്. തങ്കപ്പൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെൻറ് സെക്രട്ടേറിയറ്റിൽ ഇന്ന് ഡ്യൂപ്ലിക്കേറ്റിംഗ് ഓപ്പറേറ്റർമാരായി എത്രപേർ ജോലിനോക്കി വരുന്നുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly